"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ ശ്രീ. പി. നാരായണനെ 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചും - ശ്രീ. പി. നാരായണനെ 01.08.2024 മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ തസ്തികയിൽ പുനർ നിയമിച്ചും- ഉത്തരവാകുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.47/2024/LAW തീയതി,തിരുവനന്തപുരം, 25-06-2024

---

പരാമർശം:-

1. 25.01.1978 തീയതിയിലെ സ.ഉ.(അച്ചടി) നം.11/1978/നിയമം നമ്പർ ഉത്തരവ്.
2. 10.06.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 43/2021/നിയമം നമ്പർ ഉത്തരവ്.
3. 29.07.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 59/2021/നിയമം നമ്പർ ഉത്തരവ്.
4. 27.01.2024 തീയതിയിലെ ജി.ഒ.(എം.എസ്.) 7/2024/നിയമം നമ്പർ ഉത്തരവ്.
5. അഡ്വക്കേറ്റ് ജനറലിന്റെ 02.05.2024, 21.05.2024 തീയതികളിലെ S.S - GK 2/2021 /AG നമ്പർ കത്തുകൾ.
6. ബഹു. കേരള ഹൈക്കോടതിയുടെ 24.06.2024 തീയതിയിലെ DI-8/58173/2024 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു. ഹൈക്കോടതീയിൽ സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ തസ്തികയിൽ 31.07.2024-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ. പി. നാരായണന് 01.08.2024 മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ പുനർ നിയമനം നൽകാവുന്നതാണെന്നും ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ്

പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ ശ്രീ. പി. നാരായണനെ ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ചു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് നിയമിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാകുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1973 -ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ചു, ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ സീനിയർ അഡ്വക്കേറ്റ് ആയതിനാൽ അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്നതിന് ശ്രീ. പി. നാരായണൻ, നക്ഷത്ര, കണ്ണമ്പിള്ളി റോഡ്, പച്ചാളം പി.ഒ., കൊച്ചി- 682012-നെ 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് സംസ്ഥാന സർക്കാരിന് വേണ്ടി പ്രോസിക്യൂഷൻ, അപ്പീൽ അല്ലെങ്കിൽ മറ്റു നടപടികൾ നടത്തുന്നതിലേക്ക് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിക്കുന്നു.

സ്പെഷ്യൽ ഗവണ്മെന്റ് പ്ളീഡർ തസ്തികയിൽ 31.07.2024-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന അഡ്വ. പി. നാരായണന് 01.08.2024 മുതൽ പ്രാബല്യത്തിൽ വീണ്ടും മൂന്ന് വർഷ കാലയളവിലേയ്ക്ക് ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ പുനർ നിയമനവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത അഭിഭാഷകന്റെ ജോലിയും സേവന വേതന വ്യവസ്ഥകളും പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 1978-ലെ കേരളാ ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K G SANAL KUMAR**

നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).
2. ശ്രീ. പി. നാരായണൻ, സ്പെഷ്യൽ ഗവ. പ്ലീഡർ, ബഹു. കേരള ഹൈക്കോടതി (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).

3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം).

4. രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം).

5. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ, എറണാകുളം

6. സെക്രട്ടറി, കേരള നിയമസഭ.

7. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.

8. ബഹു.നിയമം, കയർ, വ്യവസായം, വകുപ്പ് മന്ത്രിയുടെ പി.എസ്.

9. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.

10. നിയമ സെക്രട്ടറിയുടെ പി.എ.

11. പൊതുഭരണ എസ്.സി.വകുപ്പ്(ബഹു. മന്ത്രിസഭാ തീരുമാനം **item No. 2211)**

12. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം

13. ജില്ലാ /സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം

14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.

15. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ

16. നിയമ (നോഡൽ) വകുപ്പ്.

17. നിയമ (മോണിറ്ററിങ്) വകുപ്പ്.

18. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth Netto Becket
സെക്ഷൻ ഓഫീസർ
Date: 25-06-2024 16:36:56

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 12-06-2024**

ഫയൽ നം. 91/ഇൻസ്പെ.1/2023/നിയമം. ഇനം നം: 2211

വിഷയം : നിയമ വകുപ്പ് -അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു.ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. പി. നാരായണനെ അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നതും, അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ 31.07.2024-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ.പി.നാരായണന് 01.08.2024 മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കു പുനർനിയമനം നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

13/6/24

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2211

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. 91/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ ശ്രീ. പി. നാരായണനെ അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കുന്നതും, അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ 31.07.2024-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ. പി. നാരായണന് 01.08.2024 മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കു പുനർ നിയമനം നൽകുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06-06-2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/06/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/06/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/06/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10/06/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയുക്ത സീനിയർ അഡ്വക്കേറ്റ് ആയതിനാൽ അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്കനുസൃതമായി 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ 11.06.2024 മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ ശ്രീ. പി. നാരായണനെ നിയമിക്കുന്നതിനും സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ 31.07.2024 -ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ. പി. നാരായണന് 01.08.2024 മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കു ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ പുനർ നിയമനം നൽകുന്നതിനും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലെ കാലാവധി 10.06.2024 തീയതിയിൽ അവസാനിക്കുന്നതിനാൽ ശ്രീ. പി.നാരായണനെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിൽ മൂന്ന് വർഷ കാലയളവിലേക്കുകൂടി നിയമിക്കണമെന്നാണ് അഡ്വക്കേറ്റ് ജനറൽ 02-05-2024 തീയതിയിലെ S.S-GK2/2021/AG നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

3. 22.06.2016 മുതൽ 31.07.2021 വരെ ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായിരുന്ന ശ്രീ. പി. നാരായണനെ 10.06.2021 തീയതിയിലെ GO(Ms) No. 43/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ്

പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. 29.07.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 59/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പി. നാരായണനെ 01.08.2021 തീയതി പ്രാബല്യത്തിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി 3 വർഷകാലയളവിലേക്ക് വീണ്ടും നിയമിച്ചിട്ടുള്ളതുമാണ്. 27-01-2024 തീയതിയിലെ ജി.ഒ.(എം.എസ്.) നം.7/2024/നിയമം പ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി, ശ്രീ. പി. നാരായണനെ ടിയാന്റെ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തികയിലെ നിയമന കാലാവധി അവസാനിക്കുന്നത് വരെ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി തസ്തികയിലെ നിയമനം 31.07.2024-ൽ അവസാനിക്കുന്നതാണ്. 21-05-2024 തീയതിയിലെ S.S-GK2/2021/AG നമ്പർ കത്ത് മുഖേന അഡ്വക്കേറ്റ് ജനറൽ ശ്രീ.പി. നാരായണന് സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ മൂന്ന് വർഷ കാലയളവിലേക്ക് പുനർ നിയമനം നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

4. 1978 -ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയ്ന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) & കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 & 6 എന്നിവ പ്രകാരം ബഹു. ഹൈക്കോടതിയിലേയ്ക്ക് ഗവൺമെന്റ് ലാ ഓഫീസർമാരെ മൂന്ന് വർഷ കാലയളവിലേയ്ക്കാണ് നിയമിക്കുന്നത്. പ്രസ്തുത നിയമനം നടത്തുന്നത് ബഹു. മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് 24(1) പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ്

പ്ലീഡർ ശ്രീ. പി. നാരായണനെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി **11.06.2024** മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കാവുന്നതാണോ എന്നും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ **31.07.2024**-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ. പി. നാരായണന് അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്കനുസൃതമായി **01.08.2024** മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലക്കു ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ പുനർ നിയമനം നൽകാവുന്നതാണോ എന്നുമുള്ള വിഷയം മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കുന്നതിൽ തീരുമാനത്തിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് ബഹു. മുഖ്യമന്ത്രി **06-06-2024** തീയതിയിൽ ഉത്തരവായിട്ടുള്ളതാകുന്നു.

## തീരുമാനിക്കേണ്ട സംഗതികൾ

(എ) അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു. ഹൈക്കോടതിയിലെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് **1973**-ലെ ക്രിമിനൽ നടപടി സംഹിതയിലെ വകുപ്പ് **24(1)** പ്രകാരം ബഹു. ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ ശ്രീ. പി. നാരായണനെ അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി **11.06.2024** മുതൽ മൂന്ന് വർഷ കാലയളവിലേക്ക് നിയമിക്കാവുന്നതാണോ?

(ബി) അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയ്ക്ക് അനുസൃതമായി ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ **31.07.2024**-ൽ മൂന്ന് വർഷ കാലയളവ് പൂർത്തിയാക്കുന്ന ശ്രീ. പി. നാരായണന് **1978** -ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ്

(അപ്പോയ്ന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) & കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരം **01.08.2024** മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷ കാലയളവിലേക്കു ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ തസ്തികയിൽ പുനർ നിയമനം നൽകാവുന്നതാണോ?